**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 737** **06-12-2022 - ൽ മറുപടിയ്ക്ക്**

**സോളാർ പദ്ധതിയ്ക്ക് നൽകിവരുന്ന സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സോളാർ പദ്ധതിയ്ക്ക് നൽകിവരുന്ന സബ്സിഡി യഥാസമയം ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സബ്സിഡി തുക സമയബന്ധിതമായി ലഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം ഉപഭോക്താക്കൾ. സബ്സിഡി കിഴിച്ചുള്ള ബാക്കി തുകയാണ് ഡവലപ്പർക്ക് സൗരനിലയം സ്ഥാപിക്കുമ്പോൾ നൽകുന്നത്. പ്ലാന്റ് നിർമ്മാണം പൂർത്തിയായതിനു ശേഷം സബ്സിഡി തുക കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിൽ നിന്ന് ലഭിക്കുമ്പോൾ അത് പ്ലാന്റ് സ്ഥാപിച്ച കമ്പനികൾക്ക് നൽകുന്നു.<br><br>എന്നാൽ കേന്ദ്ര നവ-പുനരുപയോഗ മന്ത്രാലയം 2022-ൽ അനുവദിച്ച റൂഫ് ടോപ്പ് സോളാർ പ്രോഗ്രാം ഫേസ്-II പ്രകാരം രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് സബ്സിഡി തുക നേരിട്ട് ഉപഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകുന്നത്.<br><br>ഇത്തരത്തിൽ നാഷണൽ പോർട്ടൽ വഴി രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>രജിസ്റ്റർ ചെയ്ത അപേക്ഷകൾ - 738 എണ്ണം<br><br>കെ.എസ്.ഇ.ബി.എൽ. ഫീസിബിലിറ്റി നൽകിയത് - 227 എണ്ണം<br><br>പ്രതിഷ്ഠാപനങ്ങൾ പൂർത്തീകരിച്ചത് - 64 എണ്ണം<br><br>സബ്സിഡിയ്ക്കായി സമർപ്പിച്ചത് - 28 എണ്ണം<br><br>സബ്സിഡി നല്കിയത് - 7 എണ്ണം |
| (ബി) | ജനങ്ങളെ സൗരോർജ്ജ പദ്ധതിയിലേയ്ക്ക് ആകർഷിക്കുവാൻ സബ്സിഡി നിരക്ക് കൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | സബ്സിഡി നിരക്ക് നിശ്ചയിക്കുന്നത് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയമാണ്. |

സെക്ഷൻ ഓഫീസർ